LIBRARY ARCHIVES Kerala Legislative Assembly

സി.ഡി. എസ്-ന്റെ നടത്തിപ്പിലുണ്ടായ ക്രമക്കേടുകൾ

79 [1554] ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മുനിസിപ്പാലിറ്റിയിലെ സി. ഡി. എസ്-ന്റെ നടത്തിപ്പിലും മറ്റും ഉണ്ടായ ഗുരുതരമായ ക്രമക്കേടിനെക്കുറിച്ച് പോലീസ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഈ അന്വേഷണം ത്വരിതപ്പെടുത്തുവാൻ കർശന നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) അന്വേഷണം പുരോഗമിച്ചു വരുന്നു.

(ബി) ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന എഡിറ്റോറിയൽ അസിസ്റ്റന്റ് നിയമനത്തിലെ ക്രമക്കേടുകൾ

80 [1555] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന എഡിറ്റോറിയൽ അസിസ്റ്റന്റ് നിയമനത്തിലെ ക്രമക്കേടുകളെ സംബന്ധിച്ച വിജിലൻസ് അന്വേഷണം പൂർത്തിയായി റിപ്പോർട്ട് സർക്കാരിന് ലഭിച്ചോ;

(ബി) എങ്കിൽ ഈ റിപ്പോർട്ട് എന്ന് ലഭിച്ചുവെന്നും അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

കടവൂർ സഹകരണ ബാങ്കിലെ ക്രമക്കേടുകൾ സംബന്ധിച്ച വിജിലൻസ് അന്വേഷണം

81 [1556] ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ കടവൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ളിപതം നമ്പർ 1882, കോതമംഗലം എന്ന സ്ഥാപനത്തിൽ നിരവധി അഴിമതികളും നിയമവിരുദ്ധ നിയമനങ്ങളും ക്രമവിരുദ്ധ നടപടികളും ഉണ്ടായിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;